<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504**</u> <u>**21-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കെ.എസ്.ഇ.ബി ഉപഭോക്താക്കൾക്കുള്ള എസ്.എം.എസ് അറിയിപ്പ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി-യിൽ മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ/മാനദണ്ഡങ്ങൾ ഏന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള, കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ലെ 110, 111, 112 എന്നീ ചട്ടങ്ങൾ പ്രകാരമാണ്, കെ.എസ്.ഇ.ബി –യിൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുത്തുവരുന്നത്. സപ്ലൈകോഡിലെ 110-ാം ചട്ട പ്രകാരം, ഒരു ബില്ലിങ്ങ് സൈക്കിളിൽ ഒരു തവണ മീറ്റർ റീഡിംഗ് എടുക്കേണ്ടതാണ്. ഇതിനുപുറമേ, ഉപഭോക്താവിന്റെ ആവശ്യപ്രകാരമോ, പ്രത്യേക സാഹചര്യങ്ങളിലോ മീറ്റർ റീഡിംഗ് എടുക്കാവുന്നതാണെന്നും ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഒരു ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുക്കാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ, ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ നൽകാമെന്ന് 110 (11)-ാംചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഇത് അടുത്തടുത്ത് രണ്ട് ബില്ലിങ്ങ് സൈക്കിളിൽ കൂടരുതെന്നും, യഥാർത്ഥ റീഡിംഗ്, ലഭ്യമാകുന്ന മുറക്ക് മുൻ കാലങ്ങളിൽ നൽകിയ (ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ) ബില്ലുകൾ പുതുക്കി നൽകണമെന്നും അനുശാസിക്കുന്നു. |
| (ബി) | ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടും മറ്റും പകൽ സമയത്ത് പൂർണ്ണമായി അടഞ്ഞു കിടക്കുന്ന വീടുകൾ പോലുള്ളവയിലെ മീറ്റർ റീഡിംഗ് എടുക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സപ്ലൈ കോഡിലെ, 109 -ാംചട്ട പ്രകാരം, മീറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്ന സ്ഥലം ഉപഭോ ക്താവുമായി ആലോചിച്ച ശേഷമായിരിക്കണമെന്നും, അപ്രകാരം മീറ്ററുകളുടെ സ്ഥാനം നിശ്ചയിക്കപ്പെടുമ്പോൾ, ആയത് അവയുടെ പരിശോധനയ്ക്കും, മെയിന്റനൻസിനും, റീഡിംഗ് എടുക്കുന്നതിനും എളുപ്പത്തിൽ പ്രാപ്യമാകത്തക്ക വിധത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ഇത് ബ്യൂറോ ഓഫ് ഇൻ ഡ്യൻ സ്റ്റാൻഡേർഡ്സ് പ്രകാരമായിരിക്കണമെന്നും ചട്ടം നിഷ്കർഷിക്കുന്നു. ഏതെങ്കിലും ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് സമയാ സമയങ്ങളിൽ എടുക്കുവാൻ |

| | | | |
|---|---|---|---|
| | | | പറ്റാത്ത സാഹചര്യങ്ങളിൽ അനുവർത്തിക്കേണ്ടുന്ന നടപടിക്രമങ്ങളെപ്പറ്റി, സപ്ലൈകോഡിലെ 111-ാം ചട്ടം പ്രതിപാദിക്കുന്നുണ്ട്. ടി ചട്ട പ്രകാരം, തുടർച്ചയായി രണ്ടു തവണ മീറ്റർ റീഡിംഗ് ലഭ്യമാകാത്ത സാഹചര്യമുണ്ടാ യാൽ, ഉപഭോക്താവിന്, ഏഴു ദിവസത്തെ നോട്ടീസ് നൽകി, റീഡിംഗ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ടി നോട്ടീസിൽ, റീഡിംഗ് എടുക്കുവാൻ വരുന്ന സമയം കാണിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | നിലവിൽ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങളുമായും മറ്റും ബന്ധപ്പെട്ട് കെ.എസ്.ഇ.ബി എസ്.എം.എസ് മുഖേന നൽകുന്ന അറിയിപ്പിന് സമാനമായി മീറ്റർ റീഡിംഗ് സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് (എസ്.എം.എസ് മുഖേന) നൽകുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ? | (സി) | മീറ്റർ റീഡിംഗ് സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുൻ കൂട്ടി അറിയിപ്പ് (എസ്.എം.എസ് മുഖേന) നൽകുന്നതിന് ധാരണയായിട്ടില്ല. |

സെക്ഷൻ ഓഫീസർ